# 167/25-M

ചോദ്യപുസ്തക അക്ഷരകോഡ്

**A**

A

| ചോദ്യ പുസ്തക ക്രമനമ്പർ |
|---|
| |

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 90 മിനിട്ട്**

**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യപുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യപുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യപുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യപുസ്തക ക്രമനമ്പർ പുറം ചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമനമ്പർ ഇല്ലാത്ത ചോദ്യപുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യപുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല; അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ. എം. ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

A

1. ഉർവ്വശി ബട്ടാലിയയുടെ 'നിശബ്ദതയുടെ മറുവശം' എന്ന കൃതി ഏതു ചരിത്ര സംഭവവുമായി ബന്ധപ്പെട്ടിരിക്കുന്നു ?
   - A) വെല്ലൂർ ലഹള
   - B) 1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരം
   - C) ഇന്ത്യാ വിഭജനം
   - D) നിസ്സഹകരണ പ്രസ്ഥാനം

2. താഴെപ്പറയുന്നവരിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രസിഡന്റു പദവി അലങ്കരിച്ചിട്ടുള്ളവർ ആരെല്ലാം ?
   - i. ജോർജ്ജ്യൂൾ
   - ii. ആനന്ദമോഹൻ ബോസ്
   - iii. മഹാത്മാഗാന്ധി
   - iv. നെല്ലിസെൻ ഗുപ്ത
   - A) i മാത്രം
   - B) i, ii, iii and iv
   - C) ii and iii
   - D) i, ii and iv

3. 1847-ൽ ഹെർമൻ ഗുണ്ടർട്ട് ആരംഭിച്ച ദിനപ്പത്രം/പത്രങ്ങൾ ഏതെല്ലാം ?
   - i. പശ്ചിമോദയം
   - ii. ദീപിക
   - iii. ലീഡർ
   - iv. രാജ്യസമാചാരം
   - A) i and iv
   - B) ii മാത്രം
   - C) iv മാത്രം
   - D) ഇവയൊന്നുമല്ല

4. വിദ്യാഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ കണക്കാക്കി 2025-ലെ കേരള ജ്യോതി പുരസ്കാരത്തിനർഹനായ ചരിത്രകാരൻ കൂടിയായ വ്യക്തി
   - A) കേശവൻ വെളുത്താട്ട്
   - B) എം. ആർ. രാഘവ വാരിയർ
   - C) രാജൻ ഗുരുക്കൾ
   - D) ഇവരാരുമല്ല

5. താഴെപ്പറയുന്നവയിൽ ശരിയായ ജോഡി/ജോഡികൾ ഏവ ?
   - i. ബിൽഹന – വിക്രമാംഗദേവചരിതം
   - ii. വിഷ്ണുശർമ്മ – കഥാസരിത് സാഗരം
   - iii. അതുല – മൂഷകവംശ മഹാകാവ്യം
   - iv. കൽഹണ – ബുദ്ധചരിതം
   - A) i and iii
   - B) ii and iv
   - C) i, iii and iv
   - D) എല്ലാം ശരിയാണ്

6. പ്രാതിനിധ്യമില്ലാതെ നികുതി ഇല്ല എന്ന മുദ്രാവാക്യം ഏതു വിപ്ലവവുമായി ബന്ധപ്പെട്ടതാണ് ?

A) ഫ്രഞ്ചുവിപ്ലവം

B) ചൈനീസ് വിപ്ലവം

C) അമേരിക്കൻ സ്വാതന്ത്ര്യ സമരം

D) ഇംഗ്ലണ്ടിലെ മഹത്തായ വിപ്ലവം

7. ടോപ്പോഗ്രാഫിക് മാപ്പുകളിലെ കോണ്ടൂർ രേഖകളെ സംബന്ധിച്ച പ്രസ്താവനകളിൽ ശരിയായവ ഏതെല്ലാം ?

i. ഒരേ ഉയരത്തിലുള്ള സ്ഥലങ്ങളെ തമ്മിൽ യോജിപ്പിക്കുന്ന സാങ്കൽപ്പിക രേഖകളാണിവ.

ii. കോണ്ടൂർ രേഖകൾ തമ്മിലുള്ള അകലം കുറവാണെങ്കിൽ (അടുത്തടുത്ത് സ്ഥിതി ചെയ്താൽ) അത് ചെങ്കുത്തായ ചരിവിനെ സൂചിപ്പിക്കുന്നു.

iii. ഒരു കുന്നിനെ പ്രതിനിധീകരിക്കുന്ന കോണ്ടൂർ രേഖകളിൽ, ഉള്ളിലേക്ക് പോകുന്തോറും അവയുടെ മൂല്യം കുറഞ്ഞു വരുന്നു.

A) i, ii എന്നിവ മാത്രം

B) i, iii എന്നിവ മാത്രം

C) ii, iii എന്നിവ മാത്രം

D) i, ii, iii എന്നിവയെല്ലാം

8. കേരളത്തിലെ ഭൂപ്രകൃതി വിഭാഗങ്ങളെ സംബന്ധിച്ച്, വിസ്തൃതിയുടെ അടിസ്ഥാനത്തിൽ അവയെ ശരിയായ ക്രമത്തിൽ കൂടുതൽ വിസ്തൃതിയിൽ നിന്ന് കുറഞ്ഞതിലേക്ക് ക്രമീകരിക്കുക.

A) മലനാട് > ഇടനാട് > തീരപ്രദേശം

B) ഇടനാട് > മലനാട് > തീരപ്രദേശം

C) മലനാട് > തീരപ്രദേശം > ഇടനാട്

D) തീരപ്രദേശം > ഇടനാട് > മലനാട്

9. ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളെ സംബന്ധിച്ച് താഴെ പറയുന്നവയിൽ തെറ്റായ പ്രസ്താവന ഏത് ?

A) ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തെ പ്രധാന തുറമുഖമാണ് മുംബൈ.

B) ഒരു നദീജന്യ തുറമുഖത്തിന് ഉദാഹരണമാണ് കൊൽക്കത്ത.

C) ഇന്ത്യയിലെ ഏറ്റവും ആഴം കൂടിയ തുറമുഖം വിശാഖപട്ടണമാണ്.

D) ഇന്ത്യയുടെ കിഴക്കൻ തീരത്ത് സ്ഥിതി ചെയ്യുന്ന ഒരു പ്രധാന തുറമുഖമാണ് കണ്ട്ല.

10. ഇന്ത്യയുടെ ഭൂപ്രകൃതിയുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ തെറ്റായത് ഏത് ?

A) ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന ഭൂവിഭാഗമാണ് ഉപദ്വീപീയ പീഠഭൂമി.

B) പശ്ചിമഘട്ടത്തിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ആനമുടിയാണ്.

C) കിഴക്കൻ തീരസമതലത്തെ അപേക്ഷിച്ച് പടിഞ്ഞാറൻ തീരസമതലത്തിന് വീതി കൂടുതലാണ്.

D) ഹിമാലയത്തിലെ ഏറ്റവും തെക്കേയറ്റത്തുള്ള പർവതനിരയാണ് സിവാലിക്.

11. ഇന്ത്യയിലെ കാർഷിക കാലങ്ങളെയും വിളകളെയും ശരിയായി യോജിപ്പിക്കുക.

1. ഖാരിഫ് – a. ഗോതമ്പ്, ബാർലി

2. റാബി – b. തണ്ണിമത്തൻ, പച്ചക്കറികൾ

3. സെയ്ദ് – c. നെല്ല്, ചോളം

A) 1-c, 2-a, 3-b

B) 1-b, 2-c, 3-a

C) 1-c, 2-b, 3-a

D) 1-a, 2-b, 3-c

12. ഐ.എസ്.ആർ.ഒ.യുടെ ആദിത്യ-L1 ദൗത്യത്തെക്കുറിച്ച് താഴെ പറയുന്ന പ്രസ്താവനകളിൽ തെറ്റായവ ഏതെല്ലാം ?

i. ഇത് സൂര്യനെക്കുറിച്ച് പഠിക്കുന്നതിനുള്ള ഇന്ത്യയുടെ ആദ്യത്തെ ബഹിരാകാശ അധിഷ്ഠിത ദൗത്യമാണ്.

ii. 2023 സെപ്റ്റംബർ 2-ന് PSLV-C57 ഉപയോഗിച്ചാണ് വിക്ഷേപിച്ചത്.

iii. സൂര്യന്റെ അടുത്തുള്ള L4 ലാഗ്രാഞ്ച് പോയിന്റിലാണ് ഉപഗ്രഹം സ്ഥാപിച്ചിരിക്കുന്നത്.

A) i മാത്രം

B) ii മാത്രം

C) iii മാത്രം

D) i and iii മാത്രം

13. ഹരിതവിപ്ലവുമായി ബന്ധമില്ലാത്തതാരാണ് ?

A) വില്യംഗൗഡ്
B) നോർമൻ ബോർലോഗ്
C) ഡോ. എം. എസ്. സ്വാമിനാഥൻ
D) ഡോ. ഗ്രീൻ ഡാൾട്ടൺ

14. ഭാരതത്തിൽ ഒരു രൂപാനോട്ട് പുറത്തിറക്കുന്നത് ആരാണ് ?

A) റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ
B) ധനകാര്യമന്ത്രാലയം
C) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
D) നബാർഡ്

15. ഹരിത വിപ്ലവവുമായി ബന്ധപ്പെട്ട് താഴെ പറയുന്നതിൽ ശരിയായത് ഏത് ?

i. അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾ
ii. രാസവളങ്ങളും കീടനാശിനികളും
iii. ദരിദ്ര കർഷകർ, ധനിക കർഷകർ എന്നിങ്ങനെയുള്ള അന്തരം ഇല്ലാതായി

A) i and iii
B) i and ii
C) i, ii and iii
D) ii and iii

16. 'നീതി ആയോഗി'ന്റെ ആസ്ഥാനം

A) മുംബൈ
B) ഡൽഹി
C) കൊൽക്കത്ത
D) പൂനെ

17. 'അമൃതകാലം' ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) കേന്ദ്രബജറ്റ് 2023-24
B) ഭക്ഷ്യസുരക്ഷ
C) ആയുഷ്
D) അടിസ്ഥാന സൗകര്യ വികസനം

18. അടുത്ത കാലത്ത് വാർത്തകളിൽ ഇടംപിടിച്ച 'ടെസ്‌ല' താഴെ പറയുന്നതിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) വിമാന എൻജിൻ നിർമ്മാണം
B) വൈദ്യുത കാർ നിർമ്മാണം
C) മുങ്ങിക്കപ്പൽ നിർമ്മാണം
D) മിസൈൽ ടെക്നോളജി

19. ഇന്ത്യൻ ഭരണഘടന നിർമ്മാണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന വസ്തുതകളിൽ ശരിയല്ലാത്തത് ഏത് ?

i. 1928-ൽ മോത്തിലാൽ നെഹ്റുവും മറ്റ് എട്ട് കോൺഗ്രസ് നേതാക്കളും ഇന്ത്യയ്ക്കായി ഒരു ഭരണഘടനയ്ക്ക് രൂപം നൽകി.

ii. ഇന്ത്യൻ ഭരണഘടന നിർമ്മാണ സമിതി വിദേശ രാജ്യങ്ങളിലെ ഭരണഘടനകളിൽ നിന്നും ആശയങ്ങൾ കടമെടുക്കുകയും അത് അതേപടി ഭരണഘടനയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

iii. ഇന്ത്യൻ ഭരണഘടന നിർമ്മാണ സമിതി 26 ജനുവരി 1950-ൽ ഇന്ത്യൻ ഭരണഘടനയെ അംഗീകരിച്ചു.

iv. ഭരണഘടന നിർമ്മാണ സമിതിയുടെ ആദ്യത്തെ മീറ്റിംഗ് 1946 ഡിസംബറിൽ നടന്നു.

A) i, iv മാത്രം B) i മാത്രം C) ii, iii മാത്രം D) i, iii മാത്രം

20. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിലെ റിപ്പബ്ലിക് എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് എന്താണ് ?

A) ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും അഭിപ്രായ ആവിഷ്കാര സ്വാതന്ത്ര്യം ഉണ്ട്.

B) ഇന്ത്യൻ പൗരന്മാർ എന്ന നിലയിൽ നാം എല്ലാവരും തുല്യരാണ്.

C) ഇന്ത്യയിലെ ജനങ്ങൾക്ക് ഇന്ത്യയുടെ ആഭ്യന്തരവും ബാഹ്യവുമായ കാര്യത്തിൽ തീരുമാനമെടുക്കാൻ പൂർണ്ണ അധികാരം ഉണ്ട്.

D) ഇന്ത്യയുടെ രാഷ്ട്രതലവൻ ഒരു തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയായിരിക്കും.

21. 1955-ലെ ഇന്ത്യൻ പൗരത്വം നിയമമനുസരിച്ച് ഒരു ഇന്ത്യൻ പൗരന്റെ ഇന്ത്യക്കാരി അല്ലാത്ത ഭാര്യക്ക് ഇന്ത്യയിൽ പൗരത്വം ലഭിക്കാനുള്ള രീതിയുടെ പേര് എന്താണ് ?

A) പാരമ്പര്യം വഴിയുള്ള പൗരത്വം

B) ജന്മം കൊണ്ടുള്ള പൗരത്വം

C) രജിസ്ട്രേഷൻ വഴിയുള്ള പൗരത്വം

D) ഭൂപ്രദേശ സംയോജനം മൂലമുള്ള പൗരത്വം

22. ഇന്ത്യൻ ഭരണഘടനയിൽ അനുച്ഛേദം 20-ൽ ഉൾപ്പെടാത്ത വസ്തുത

A) നിയമലംഘനത്തിനല്ലാതെ ഒരാളെയും ശിക്ഷിക്കരുത്

B) നിയമനടപടിക്രമങ്ങളിലൂടെ അല്ലാതെ ഒരാളുടെ ജീവനും സ്വാതന്ത്ര്യവും ഹനിക്കരുത്

C) നിയമത്തിൽ പറയുന്നതിനേക്കാൾ വലിയ ശിക്ഷ നൽകരുത്

D) ഒരു നിയമലംഘനത്തിന് ഒന്നിൽ കൂടുതൽ തവണ ശിക്ഷിക്കരുത്

23. താഴെപ്പറയുന്നതിൽ തെറ്റായ വസ്തുതകൾ ഏതെല്ലാം ആണ് ?

i. ലോകസഭയുടെ കാലാവധി 6 വർഷത്തിൽ നിന്ന് അഞ്ചു വർഷമാക്കി മാറ്റിയത് 42-ാം ഭരണഘടന ഭേദഗതിയിലൂടെയാണ്.

ii. 44-ാം ഭരണഘടന ഭേദഗതിയിലൂടെ സ്വത്തവകാശം മൗലികാവകാശമല്ലാതാക്കി തീർത്തു.

iii. 42-ാം ഭരണഘടന ഭേദഗതിയിലൂടെ മൗലിക കടമകൾ കൂട്ടിച്ചേർത്തു.

iv. 42-ാം ഭരണഘടന ഭേദഗതി ചെറു ഭരണഘടന എന്ന പേരിൽ അറിയപ്പെടുന്നു.

A) i, iv മാത്രം B) i മാത്രം C) ii, iii മാത്രം D) i, iii മാത്രം

24. ഇന്ത്യൻ ഭരണഘടനയിലെ മൗലിക കടമകളുമായി ബന്ധപ്പെട്ട തെറ്റായ വസ്തുതകൾ ഏതെല്ലാം ആണ് ?

i. മൗലിക കടമകൾ സോവിയറ്റ് യൂണിയനിലെ ഭരണഘടനയിൽ നിന്നും മാതൃകയാക്കി സ്വീകരിച്ചതാണ്.

ii. ഇന്ത്യൻ ഭരണഘടനയിൽ ഇപ്പോൾ 10 മൗലിക കടമകളാണുള്ളത്.

iii. മൗലിക കടമകളിൽ തുല്യമായ ജോലിക്ക് പുരുഷന്മാർക്കും സ്ത്രീകൾക്കും തുല്യവേതനം ഉറപ്പു നൽകുന്നു.

iv. മൗലിക കടമകൾ അനുഛേദം 51A യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

A) i, iv മാത്രം B) i മാത്രം C) ii, iii മാത്രം D) i, iii മാത്രം

25. താഴെ കൊടുത്തിരിക്കുന്ന വസ്തുതകളിൽ 7 ഇന്ത്യയിലെ പഞ്ചായത്ത് രാജ് നിയമവുമായി ബന്ധപ്പെട്ട് ശരിയായ വസ്തുതകൾ ഏതെല്ലാമാണ് ?

i. 1977 രൂപീകൃതമായ അശോക് മേത്ത കമ്മിറ്റി ജില്ല ബ്ലോക്ക് ഗ്രാമതലങ്ങളിൽ ത്രിതല ഗവൺമെന്റ് ശുപാർശ ചെയ്തു.

ii. 1984-ൽ തുങ്കൻ കമ്മിറ്റി പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി ശുപാർശ ചെയ്തു.

iii. 1957-ൽ ബൽവന്ത്റായി മേത്ത കമ്മിറ്റി ജില്ലാതലം ബ്ലോക്ക് തലം എന്നിങ്ങനെ ദ്വിതലഗവൺമെന്റ്കൾക്ക് ശുപാർശ നൽകി.

iv. പഞ്ചായത്തുകൾ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ തീരുമാനിക്കുന്നത് സംസ്ഥാന ഗവൺമെന്റുകളാണ്.

A) ii, iv മാത്രം B) i മാത്രം

C) ii, iii മാത്രം D) i, iii മാത്രം

26. 2023 ൽ 19 കേന്ദ്ര ഗവൺമെന്റ് വകുപ്പുകളിലെ 42 കേന്ദ്ര നിയമങ്ങളിലെ 183 വകുപ്പുകൾ ഭേദഗതി വരുത്തി ചെറിയ തരത്തിലുള്ള ചട്ടലംഘനങ്ങൾക്കുള്ള ശിക്ഷ കുറയ്ക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ബില്ല് അറിയപ്പെടുന്നത്

A) ഭാരതീയ ന്യായ സംഹിത

B) ഭാരതീയ സാക്ഷ്യ ബില്ല്

C) കേന്ദ്ര വിജിലൻസ് കമ്മീഷൻ ഭേദഗതി ബിൽ

D) ജൻ വിശ്വാസ് ബിൽ

27. ഇന്ത്യൻ പാർലമെന്റിൽ രാജ്യസഭയുടെയും ലോകസഭയുടെയും സംയുക്ത സമ്മേളനത്തെ സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്നവയിൽ ശരിയായ വിവരങ്ങൾ ഏത് ?

i. പാർലമെന്റ് സംയുക്ത സമ്മേളനം വിളിച്ചു കൂട്ടുന്നത് പ്രധാനമന്ത്രി ആണ്.

ii. പാർലമെന്റ് സംയുക്ത സമ്മേളനത്തിലൂടെയാണ് സ്ത്രീധന നിരോധന നിയമം കൊണ്ടുവന്നത്.

iii. പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തിൽ ബില്ല് പാസ് ആവാൻ പ്രത്യേക ഭൂരിപക്ഷം വേണ്ട.

iv. പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തിന്റെ അധ്യക്ഷത വഹിക്കുന്നത് ലോകസഭാ സ്പീക്കർ ആണ്.

A) i, iv മാത്രം B) i മാത്രം C) ii, iii, iv മാത്രം D) i, iii മാത്രം

28. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ പദ്ധതികളുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏത് ?

A) മിത്ര 181 എന്ന ഹെൽപ് ലൈൻ പദ്ധതി സ്ത്രീ സുരക്ഷ ഒരുക്കുന്നു.

B) യാത്ര ചെയ്യുന്ന വനിതകൾക്ക് താമസ സൗകര്യം ഒരുക്കാൻ വനിത മിത്ര കേന്ദ്രം ഒരുക്കിയിരിക്കുന്നു.

C) വനമിത്ര എന്ന പേരിൽ ആദിവാസി വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾക്ക് നൈപുണ്യ വികസന കേന്ദ്ര സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നു.

D) ഇവയെല്ലാം

29. കേരളത്തിലെ തണ്ണീർത്തട സംരക്ഷണവുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത് ?

i. തണ്ണീർത്തട അതോറിറ്റിയുടെ അധ്യക്ഷൻ പരിസ്ഥിതി വകുപ്പ് മന്ത്രിയാണ്.

ii. തണ്ണീർത്തടം എന്നതിൽ മനുഷ്യനിർമ്മിത ജലസേചന പദ്ധതികൾ ഉൾപ്പെടുന്നു.

iii. കേരളത്തിലെ മുഴുവൻ തണ്ണീർത്തട പ്രദേശങ്ങൾ ഉൾപ്പെടുന്ന മാപ്പ് തയ്യാറാക്കുന്നത് തണ്ണീർത്തട അതോറിറ്റിയാണ്.

iv. തണ്ണീർത്തടം എന്നതിൽ മനുഷ്യനിർമ്മിത കുടിവെള്ള പദ്ധതികൾ ഉൾപ്പെടുന്നു.

A) i, iv മാത്രം B) i മാത്രം C) ii, iv മാത്രം D) i, iii മാത്രം

30. ദേശീയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഗോത്ര ജനതയ്ക്ക് 100 തൊഴിൽ ദിനങ്ങൾക്ക് പുറമേ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്ന കേരള ഗവൺമെന്റിന്റെ പദ്ധതിയുടെ പേര്

A) ഗോത്രജീവനം
B) കേരള ട്രൈബൽ പ്ലസ്
C) എൻ ഊര്
D) ഉജ്ജീവൻ

31. സൈബർ ലോകത്ത് വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾക്കെതിരെ കുട്ടികളെ സജ്ജരാക്കാൻ കേരള പോലീസ് നടപ്പാക്കുന്ന പദ്ധതിയുടെ പേര്

A) CAP ഹൗസ്
B) കൂട്ട്
C) ചിരി
D) പ്രോജക്റ്റ് ഹോപ്പ്

32. അണുബാധയോട് ആദ്യം പ്രതികരിക്കുന്ന ആന്റിബോഡി ഏതാണ് ?

A) IgG B) IgM C) IgA D) IgE

33. ലാറ്റിറ്റ്യൂഡിനൽ ഗ്രേഡിയന്റ് ഓഫ് ബയോഡൈവേഴ്സിറ്റി (Latitudinal Gradient of Biodiversity) കൊണ്ട് സൂചിപ്പിക്കുന്നതെന്താണ് ?

A) ജൈവവൈവിധ്യം ഭൂമദ്ധ്യരേഖയിൽ നിന്ന് ധ്രുവങ്ങളിലേക്ക് കുറയുന്നു
B) ജൈവവൈവിധ്യം ധ്രുവങ്ങളിൽ നിന്ന് ഭൂമദ്ധ്യരേഖയിലേക്ക് കുറയുന്നു
C) മിതോഷ്ണ മേഖലയിൽ മാത്രം ജൈവവൈവിധ്യം കാണുന്നു
D) ജൈവവൈവിധ്യം എല്ലാ പ്രദേശങ്ങളിലും തുല്യമായി കാണുന്നു

34. ഓസ്റ്റിയോ ആർത്രൈറ്റിസ് (Osteoarthritis) എന്തിനെ സൂചിപ്പിക്കുന്നു ?

A) സന്ധികളിലെ കാർട്ടിലേജ് നശിക്കൽ

B) തരുണാസ്ഥികൾ ചുരുങ്ങുന്നു

C) അസ്ഥികൾ പൊട്ടുന്ന അവസ്ഥ

D) മേൽപറഞ്ഞവയെല്ലാം

35. ഒനോതെറ ലാമാർക്കിയാന (Oenothera lamarckiana) എന്ന സസ്യം താഴെ പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) ലാമാർക്ക് സിദ്ധാന്തം

B) മെൻഡേലിയൻ സിദ്ധാന്തം

C) മ്യൂട്ടേഷൻ സിദ്ധാന്തം

D) നാച്യുറൽ സിദ്ധാന്തം

36. ലോകത്തിലെ ഏറ്റവും വലിയ ആരോഗ്യ ദൗത്യം അഥവാ പൊതുജനാരോഗ്യ ഇൻഷുറൻസ് പദ്ധതി ഏതാണ് ?

A) നാഷണൽ ഹെൽത്ത് മിഷൻ

B) ആയുഷ്മാൻ ഭാരത് PM-JAY

C) ഹെൽത്തി ചൈന 2030

D) ആർദ്രം മിഷൻ

37. അംഗീകൃത സാമൂഹികാരോഗ്യ പ്രവർത്തകരായ 'ആശ' എന്നതിന്റെ പൂർണ്ണ രൂപം ഏതാണ് ?

A) അർബൻ സോഷ്യൽ ഹെൽത്ത് ആക്റ്റിവിസ്റ്റ്

B) ആൾ ഇന്ത്യ സോഷ്യൽ ഹെൽത്ത് ആക്റ്റിവിസ്റ്റ്

C) അക്രഡിറ്റഡ് സോഷ്യൽ ഹെൽത്ത് ആക്റ്റിവിസ്റ്റ്

D) അസോസിയേഷൻ ഓഫ് സോഷ്യൽ ആന്റ് ഹെൽത്ത് ആക്ഷൻ

38. താഴെ പറയുന്നവയിൽ മർദ്ദത്തിന്റെ യൂണിറ്റ് അല്ലാത്തത്

A) $N/m^2$

B) $Kg.m/s^2$

C) $Kg/m.s^2$

D) പാസ്കൽ

39. i. അൾട്രാവയലറ്റ് രശ്മികൾക്ക് ഇൻഫ്രാറെഡ് വികിരണങ്ങളേക്കാൾ കൂടുതൽ ഊർജ്ജം ഉണ്ട്.

ii. x-ray-ക്ക് ഗാമാ വികിരണങ്ങളെക്കാൾ തരംഗദൈർഘ്യം കൂടുതൽ ആണ്.

മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനകൾക്ക് യോജിച്ചത് കണ്ടെത്തുക.

A) i ഉം ii ഉം തെറ്റ്

B) i ശരി ii തെറ്റ്

C) i തെറ്റ് ii ശരി

D) i ഉം ii ഉം ശരി

40. ഒരു വീട്ടിൽ ഉപയോഗിക്കുന്ന ഊർജ്ജം 200 kWh ആണെങ്കിൽ ആകെ ഊർജ്ജത്തിന്റെ അളവ് ജൂളിൽ (Joules) എത്ര ?

A) $72 \times 10^7$ J
B) $7.2 \times 10^5$ J
C) $720 \times 10^5$ J
D) $72 \times 10^6$ J

41. 2024-ലെ സമാധാനത്തിനുള്ള നോബൽ സമ്മാനം നേടിയത് ഏത് സംഘടനയാണ് ?

A) ഗ്രീൻപീസ്
B) നിഹോൺ ഹിഡാൻ ക്യോ
C) ഡോക്ടേർസ് വിത്തൗട്ട് ബോർഡേഴ്സ്
D) റെഡ് ക്രോസ്

42. ഒരു ലിറ്റർ ലായനിയിൽ അടങ്ങിയിരിക്കുന്ന ലീനത്തിന്റെ മോളുകളുടെ എണ്ണം

A) മോൾഫ്രാക്ഷൻ
B) മൊളാലിറ്റി
C) മൊളാരിറ്റി
D) നോർമാലിറ്റി

43. ഒരു അക്വേറിയത്തിന്റെ ചുവട്ടിൽ നിന്നും ഉയരുന്ന വായു കുമിളകളുടെ വലിപ്പം മുകളിലേക്ക് എത്തും തോറും കൂടുന്നു. ഇത് ഏത് വാതക നിയമത്തെ സൂചിപ്പിക്കുന്നു ?

A) ചാൾസ് നിയമം
B) ബോയിൽ നിയമം
C) അവോഗാഡ്രോ നിയമം
D) ഗേലൂസാക് നിയമം

44. പാലിനാണോ തൈരിനാണോ pH മൂല്യം കൂടുതൽ ?

A) പാലിനാണ് pH മൂല്യം കൂടുതലുള്ളത്
B) രണ്ടിനും pH മൂല്യം ഇല്ല
C) തൈരിനാണ് pH മൂല്യം കൂടുതലുള്ളത്
D) രണ്ടിനും ഒരേ pH മൂല്യമാണുള്ളത്

45. ഗ്രാഫീൻ എന്താണ് ?

A) അമിനോ ആസിഡ്

B) പ്ലാസ്റ്റിക്

C) ലോഹം

D) കാർബണിന്റെ ഒരു അലോട്രോപ്പ്

46. ആദ്യത്തെ ലോകകപ്പ് ക്രിക്കറ്റ് ടൂർണമെന്റ് എപ്പോൾ എവിടെയാണ് നടന്നത് ?

A) 1975 ഇംഗ്ലണ്ട്

B) 1975 ഫ്രാൻസ്

C) 1979 ഇംഗ്ലണ്ട്

D) 1985 ഫ്രാൻസ്

47. താഴെ പറഞ്ഞ പ്രസ്താവനകളിൽ ശരിയായത് ഏത് ?

i. മോഹിനിയാട്ടം കേരളത്തിന്റെ തനത് ലാസ്യനൃത്തകലാരൂപമാണ്.

ii. ഭാരതി ശിവജി മോഹിനിയാട്ടവുമായി ബന്ധപ്പെട്ട കലാകാരിയാണ്.

iii. കലാമണ്ഡലം കല്ല്യാണി കുട്ടിയമ്മ കേരളത്തിലെ പ്രശസ്തയായ മോഹിനിയാട്ട നർത്തകിയായിരുന്നു.

iv. മോഹിനിയാട്ടത്തിന്റെ വളർച്ചയ്ക്ക് സംഭാവനകൾ നല്കിയ തിരുവിതാംകൂർ രാജാവാണ് സ്വാതിതിരുനാൾ.

A) i, ii മാത്രം

B) ii, iii മാത്രം

C) i, ii, iii മാത്രം

D) എല്ലാം ശരിയാണ്

48. താഴെ പറയുന്നവയിൽ ഏതാണ് ആദ്യം സംഭവിച്ചത് ?

A) കുറിച്യ കലാപം

B) വൈക്കം സത്യാഗ്രഹം

C) പഴശ്ശി കലാപം

D) ക്ഷേത്രപ്രവേശന വിളംബരം

49. താഴെ പറയുന്നവയിൽ ശരിയായത് കണ്ടെത്തുക.

i. 2025-ലെ ഒ.എൻ.വി. പുരസ്കാരം കവി എൻ. പ്രഭാവർമ്മയ്ക്ക് ലഭിച്ചു.

ii. 2025-ലെ ഇന്റർനാഷണൽ ബുക്കർ പ്രൈസ് നേടിയ കന്നഡ എഴുത്തുകാരി ബാനു മുഷ്താഖ് ആണ്.

iii. 2024-ലെ മാതൃഭൂമി ലിറ്ററി അവാർഡ് കെ. ആർ. മീരയ്ക്കാണ് ലഭിച്ചത്.

iv. 2024-ലെ വയലാർ അവാർഡ് നേടിയത് ശ്രീകുമാരൻ തമ്പിയാണ്.

A) iii മാത്രം
B) i, ii മാത്രം
C) iv മാത്രം
D) എല്ലാം ശരിയാണ്

50. കാർബൺ ന്യൂട്രൽ വിശേഷ് ദേശീയ പുരസ്കാരം ആദ്യമായി നേടിയ പഞ്ചായത്ത് ഏത് ?

A) വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്ത്
B) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത്
C) ഇടുക്കി ജില്ലയിലെ അടിമാലി ഗ്രാമപഞ്ചായത്ത്
D) കണ്ണൂർ ജില്ലയിലെ അഞ്ചരക്കണ്ടി ഗ്രാമപഞ്ചായത്ത്

51. $\dfrac{5.4 \times 0.24 \times 3.5}{0.14 \times 0.4 \times 1.8} = ?$

A) 450
B) 45
C) 4.5
D) 15

52. a, b, c, d, e എന്നിവ സംഖ്യകളും a യുടെ b ശതമാനം c ഉം b യുടെ a ശതമാനം d യും a യുടെ രണ്ട് മടങ്ങിന്റെ b ശതമാനം e യും ആണ്. താഴെ പറയുന്ന പ്രസ്താവനകൾ പരിഗണിക്കുക.

പ്രസ്താവന I : c = d ആയിരിക്കും

പ്രസ്താവന II : c + d = e ആയിരിക്കും

താഴെ തന്നിരിക്കുന്നവയിൽ ഏറ്റവും അനുയോജ്യമായത് കണ്ടുപിടിക്കുക.

A) പ്രസ്താവന I ശരി II തെറ്റ്
B) പ്രസ്താവന I തെറ്റ് II ശരി
C) പ്രസ്താവനകൾ രണ്ടും ശരിയാണ്
D) പ്രസ്താവനകൾ രണ്ടും തെറ്റാണ്

53. മണിക്കൂറിൽ 90 കി. മീ. വേഗതയിൽ കാസർഗോഡ് നിന്നും തിരുവനന്തപുരത്തേക്കും മണിക്കൂറിൽ 110 കി. മീ. വേഗതയിൽ തിരിച്ചും സഞ്ചരിക്കുന്ന ഒരു തീവണ്ടിയുടെ ശരാശരി വേഗത എത്ര ?

A) 99
B) 100
C) 101
D) ഇവയൊന്നുമല്ല

54. മൂന്ന് വ്യത്യസ്ത ഗ്രൂപ്പുകളിലെ ആളുകളുടെ എണ്ണത്തിന്റെ അനുപാതം 3:4:5 ആണ്. ഓരോ ഗ്രൂപ്പിലും 10 പേർ കൂടി അധികമായി ചേർന്നാൽ പുതിയ അനുപാതം 7:9:11 ആകുമെങ്കിൽ മൂന്നു ഗ്രൂപ്പിലും ആകെ നിലവിലുള്ള അംഗങ്ങളുടെ എണ്ണം എത്ര ?

A) 480 B) 360 C) 120 D) 240

55. ഒരു ജോലി ഒറ്റയ്ക്ക് പൂർത്തിയാക്കാൻ A ക്ക് 20 ദിവസവും B ക്ക് 30 ദിവസവും വേണം. A യും B യും ഒരുമിച്ച് ജോലി ആരംഭിച്ച് കുറച്ച് ദിവസങ്ങൾക്ക് ശേഷം A ജോലി മതിയാക്കി. B ഒറ്റയ്ക്ക് ബാക്കി ജോലി 5 ദിവസം കൊണ്ട് പൂർത്തിയാക്കി. A എത്ര ദിവസം ജോലി ചെയ്തു ?

A) 10
B) 12
C) 15
D) ഇവയൊന്നുമല്ല

56. ഒരാൾ P എന്ന സ്ഥലത്ത് നിന്നും 6 കിലോമീറ്റർ നേർരേഖയിൽ സഞ്ചരിച്ച് ഇടത്തോട്ട് തിരിഞ്ഞ് 3 കിലോമീറ്ററും വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് 10 കിലോ മീറ്ററും നേർരേഖയിൽ സഞ്ചരിച്ച് Q എന്ന സ്ഥലത്ത് എത്തുന്നു. P യും Q വും തമ്മിലുള്ള ഏറ്റവും കുറഞ്ഞ ദൂരം എത്ര ?

A) 10 കിലോമീറ്റർ
B) 3 കിലോമീറ്റർ
C) 5 കിലോമീറ്റർ
D) 4 കിലോമീറ്റർ

57. ഒരു ക്ലോക്കിലെ സമയവും അതിന്റെ പ്രതിബിംബം കാണിക്കുന്ന സമയവും തമ്മിൽ 3 മണിക്കൂർ 30 മിനിറ്റ് വ്യത്യാസം ഉണ്ട്. യഥാർത്ഥ ക്ലോക്കിലെ സമയമാവാൻ ഏറ്റവും അനുയോജ്യമായത് ഏത് ?

A) 4:15
B) 7:45
C) ഇവ രണ്ടും
D) ഇവയൊന്നുമല്ല

58. തന്നിരിക്കുന്ന സംഖ്യാശ്രേണിയിലെ അടുത്ത സംഖ്യ ഏത് ?

2, 5, 20, 25, 150, ...

A) 125 B) 250 C) 1050 D) 157

59. ഒറ്റയാനെ കണ്ടെത്തുക.

24, 60, 120, 210, 348

A) 60 B) 348 C) 210 D) 120

60. 2024 ജനുവരി 1 തിങ്കളാഴ്ച ആണ്. 2124 ജനുവരി 1 ഏത് ദിവസമായിരിക്കും ?

A) തിങ്കളാഴ്ച

B) ശനിയാഴ്ച

C) ബുധനാഴ്ച

D) ഇവയൊന്നുമല്ല

61. 'ക്ലാസ് സി ഫയർ' മായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏതാണ് ?

i. ജ്വലന സ്വഭാവമുള്ള വാതകങ്ങളിൽ ഉണ്ടാകുന്ന തീപിടുത്തം

ii. ജ്വലന സ്വഭാവമുള്ള ദ്രാവകങ്ങളിൽ ഉണ്ടാകുന്ന തീപിടുത്തം

iii. ജ്വലന സ്വഭാവമുള്ള ലോഹങ്ങളിൽ ഉണ്ടാകുന്ന തീപിടുത്തം

A) ii and iii മാത്രം

B) i മാത്രം

C) iii മാത്രം

D) ഇതൊന്നുമല്ല

62. ജ്വലനത്തിനടിസ്ഥാനമായ ഘടകങ്ങളെ ആസ്പദമാക്കി അഗ്നിശമനം നടത്തുന്നതിനായുള്ള വിവിധ മാർഗ്ഗങ്ങളിൽ ശരിയായത് താഴെ പറയുന്നവയിൽ ഏതാണ് ?

i. കൂളിംഗ് (Cooling)

ii. സ്മോതറിംഗ് (Smothering)

iii. സ്റ്റാർവേഷൻ (Starvation)

A) i and ii മാത്രം

B) i and iii മാത്രം

C) iii മാത്രം

D) എല്ലാം ശരിയാണ് (i, ii and iii)

63. തീയുടെ വ്യാപന (Spread of fire) ത്തിന് ആവശ്യമായ ഘടകങ്ങളിൽ ഉൾപ്പെടാത്തത് ചുവടെ ചേർക്കുന്നവയിൽ ഏതാണ് ?

i. ചെയിൻ റിയാക്ഷൻ ii. ഓക്സിജൻ iii. ഇന്ധനം

A) i and iii മാത്രം

B) ഇതൊന്നുമല്ല (i, ii and iii)

C) i മാത്രം

D) ii മാത്രം

64. ഒരു വസ്തു ജ്വലന സ്രോതസിന്റെ സഹായമില്ലാതെ സ്വയം കത്തുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ ഊഷ്മാവിനെ ________ എന്നു പറയുന്നു.

A) ജ്വലനോഷ്മാവ് (Ignition temperature)

B) ഫ്ലാഷ് പോയിന്റ് (Flash Point)

C) ഫയർ പോയിന്റ് (Fire Point)

D) സ്പൊണ്ടേനിയസ് കമ്പസ്റ്റിൻ (Spontaneous Combustion)

65. യൂണിറ്റ് മാസുള്ള ഒരു വസ്തു സ്ഥിരമായ ഊഷ്മാവിൽ ഖരാവസ്ഥയിൽ നിന്നും ദ്രാവകാവസ്ഥയിലേക്ക് മാറുന്നതിനാവശ്യമായ താപമാണ്

A) ബാഷ്പീകരണ ലീനതാപം
B) വിശിഷ്ട താപധാരിത
C) ദ്രവീകരണ ലീനതാപം
D) ഇതൊന്നുമല്ല

66. ഉത്പതനം (Sublimation) എന്ന പ്രക്രിയ താഴെ പറയുന്ന ഏത് ഖരപദാർത്ഥത്തിൽ ആണ് സംഭവിക്കാത്തത് ?

A) കർപ്പൂരം
B) ഡ്രൈ ഐസ്
C) അയഡിൻ
D) സോഡിയം ക്ലോറൈഡ്

67. ചുവടെ ചേർക്കുന്നവയിൽ ദ്രവണാങ്കം (Melting Point) ഏറ്റവും കൂടിയ ലോഹം ഏതാണ് ?

A) ടങ്സ്റ്റൺ
B) ഇരുമ്പ്
C) മെർക്കുറി
D) സ്വർണ്ണം

68. Liquified Petroleum Gas (LPG)-ന് നൽകിയിരിക്കുന്ന യുണൈറ്റഡ് നേഷൻസ് നമ്പർ (UN No.) താഴെ പറയുന്നവയിൽ ഏതാണ് ?

A) UN No. : 1075
B) UN No. : 1017
C) UN No. : 1005
D) UN No. : 1831

69. അഗ്നിശമനത്തിനുപയോഗിക്കുന്ന 'ഡ്രൈ കെമിക്കൽ പൗഡറിൽ' (DCP) ഉൾപ്പെടാത്ത ഘടകം ചുവടെ ചേർക്കുന്നവയിൽ ഏതാണ് ?

i. മഗ്നീഷ്യം സ്റ്റിയറേറ്റ്
ii. സോഡിയം ക്ലോറൈഡ്
iii. ട്രൈ കാൽസ്യം ഫോസ്ഫേറ്റ്

A) i and ii മാത്രം
B) ii and iii മാത്രം
C) iii മാത്രം
D) ഇതൊന്നുമല്ല (i, ii and iii)

70. ദുരന്ത/അപകട സാഹചര്യങ്ങളിൽ വ്യക്തികളുടെ പരിക്കിന്റെ തീവ്രതയേയും നൽകേണ്ട ചികിത്സയേയും അടിസ്ഥാനമാക്കി അപകടത്തിൽപ്പെട്ടവരെ തരം തിരിക്കുന്നതിനെ _________ എന്നു പറയുന്നു.

A) നിരീക്ഷണം
B) ഫസ്റ്റ് എയ്ഡ്
C) ട്രയേജ്
D) തെറാപ്പി

71. CPR-ന്റെ പൂർണ്ണരൂപം ചുവടെ ചേർക്കുന്നവയിൽ ഏതാണ് ?

A) Cardio Pulmonary Resuscitation
B) Cardiac Pulmonology Resuscitation
C) Cardio Pulmonary Respiration
D) Cardiac Pulmonary Respiration

72. ശരീരത്തിലെ അസ്ഥിപൊട്ടി അതിന്റെ ഭാഗങ്ങൾ ശരീരകലകളേയും ത്വക്കിനേയും തുളച്ച് മുറിവുണ്ടാക്കി പുറത്തു വരുന്ന തരത്തിലുള്ള അസ്ഥിഭംഗത്തെ (Fracture) _________ എന്നു പറയുന്നു.

A) സിമ്പിൾ ഫ്രാക്ചർ (Simple Fracture)
B) ഗ്രീൻസ്റ്റിക് ഫ്രാക്ചർ (Green Stick Fracture)
C) കോംപൗണ്ട് ഫ്രാക്ചർ (Compound Fracture)
D) ക്ലോസ്ഡ് ഫ്രാക്ചർ (Closed Fracture)

73. പൊള്ളലേറ്റ വ്യക്തികൾക്ക് നൽകുന്ന പ്രഥമ ശുശ്രൂഷയിൽ ഉൾപ്പെടാത്തത് ചുവടെ ചേർക്കുന്നവയിൽ ഏതാണ് ?

i. ബോധമുള്ള വ്യക്തിയാണെങ്കിൽ കുടിക്കുവാനായി ധാരാളം ജലം കൊടുക്കുക.
ii. പൊള്ളലേറ്റ ഭാഗം സാധാരണ ജലത്തിൽ കഴുകുക.
iii. പൊള്ളലേറ്റ ഭാഗത്ത് ലോഷൻ, ഡെറ്റോൾ എന്നിവ ഉപയോഗിക്കുക.

A) i മാത്രം
B) iii മാത്രം
C) ii മാത്രം
D) ഇതൊന്നുമല്ല (i, ii and iii)

74. പാമ്പ് കടിയേറ്റ വ്യക്തിക്കു നൽകുന്ന പ്രഥമ ശുശ്രൂഷയിൽ ഉൾപ്പെടാത്തത് ചുവടെ ചേർക്കുന്നവയിൽ ഏതാണ് ?

   i. അടിയന്തിരമായി ആന്റിവെനം കുത്തിവെക്കാൻ സൗകര്യമുള്ള ആശുപത്രിയിൽ എത്തിക്കുക.

   ii. കടിയേറ്റ ഭാഗം ഹൃദയനിരപ്പിൽ നിന്നും താഴ്ത്തി വയ്ക്കുക.

   iii. നടക്കാൻ അനുവദിക്കാതിരിക്കുക.

   A) i and ii മാത്രം

   B) iii മാത്രം

   C) ii and iii മാത്രം

   D) ഇതൊന്നുമല്ല (i, ii and iii)

75. ഒരു വ്യക്തിയുടെ ശ്വാസനാളത്തിൽ പുറമെ നിന്നുള്ള വസ്തുക്കൾ പ്രവേശിച്ച് വായു സഞ്ചാരത്തിന് തടസ്സമുണ്ടാക്കുന്ന അവസ്ഥയെ _________ എന്നു പറയുന്നു.

   A) ചോക്കിംഗ് (Choking)

   B) ഫ്രോസ്റ്റ്ബൈറ്റ് (Frostbite)

   C) സ്നീസിംഗ് (Sneezing)

   D) ടൂർണിക്കെ (Tourniquet)

76. IRCS ന്റെ പൂർണ്ണരൂപം ചുവടെ ചേർക്കുന്നവയിൽ ഏതാണ് ?

   A) International Red Cross Society

   B) Indian Red Cross Society

   C) International Red Crescent Society

   D) ഇതൊന്നുമല്ല

77. അപകടത്തിൽപ്പെട്ട വ്യക്തിയുടെ രക്തസ്രാവം നിയന്ത്രിക്കുന്നതിനായി ചുവടെ ചേർക്കുന്ന ഏതെല്ലാം ധമനികൾ പ്രത്യേക 'മർദ്ദബിന്ദു' (Pressure Point) ആയി കണക്കാക്കുന്നു ?

i. പൊപ്ലിറ്റിയൽ ആർട്ടറി (Popliteal artery)

ii. ബ്രാക്കിയൽ ആർട്ടറി (Brachial artery)

iii. ഫിമറൽ ആർട്ടറി (Femoral artery)

A) ii and iii മാത്രം

B) i and ii മാത്രം

C) ഇവയെല്ലാം (i, ii and iii)

D) iii മാത്രം

78. പ്രായപൂർത്തിയായ ഒരു മനുഷ്യന്റെ ശരീരം എത്ര അസ്ഥികൾ ചേർന്നതാണ് ?

A) 220

B) 206

C) 240

D) 252

79. ഇൻഫർമേഷൻ ടെക്നോളജി ആക്ട് 2000-ൽ ഒപ്പു വെച്ച ഇന്ത്യൻ പ്രസിഡണ്ട്

A) ശങ്കർ ദയാൽ ശർമ്മ

B) കെ. ആർ. നാരായണൻ

C) എ. പി. ജെ. അബ്ദുൾ കലാം

D) പ്രതിഭാ പാട്ടീൽ

80. ഇൻഫർമേഷൻ ടെക്നോളജി ആക്ടിലെ 66-ാം വകുപ്പു പ്രകാരം ലഭിക്കുന്ന ശിക്ഷ

A) 1 വർഷം തടവും 2 ലക്ഷം രൂപ പിഴയും

B) 2 വർഷം തടവും 2 ലക്ഷം രൂപ പിഴയും

C) 3 വർഷം തടവും 5 ലക്ഷം രൂപ പിഴയും

D) 3 വർഷം തടവും 3 ലക്ഷം രൂപ പിഴയും

81. He apologized for arriving late.
The word 'late' in the above sentence is
A) Adverb B) Adjective C) Conjunction D) Preposition

82. Twenty percent of the students _______ completed the assignment on time.
A) has B) was C) is D) have

83. We need ______ sugar to bake the cake.
A) a B) an C) the D) no article

84. By the time the guests arrive, we ______ the hall.
A) decorate B) will have decorated
C) will be decorating D) have decorated

85. He has been living in Delhi ________ 2015.
A) from B) for C) since D) by

86. Which of the following is the correct plural of "appendix" when referring to text ?
A) Appendices B) Appendixes
C) Appendixs D) Appendexes

87. Identify the correctly spelled compound word.
A) Snow fall B) Snow-fall C) Snowfall D) Snowfal

88. The word closest in meaning to "Abridge" is
A) Expand B) Condense C) Bridge D) Abrade

89. What does "Suo moto" mean ?
A) By force B) Against the law
C) With permission D) On its own motion

90. The idiom "jump on the bandwagon" means
A) to start a band
B) to avoid a situation
C) to join others in doing something popular
D) to jump and step into a vehicle

91. ജനം എന്ന് എഴുതി ജെനം എന്നുച്ചരിക്കുന്നു. എന്തുകൊണ്ട് ?
A) മൃദു
B) വ്യഞ്ജനം
C) ഔദാസീന്യ ന്യായം
D) ദൃഢം

92. ഡ്രൈവറുടെ അശ്രദ്ധ മൂലം തീവണ്ടി മറിഞ്ഞു. ഈ വാക്യത്തിലെ വിഭക്തി ഏത് ?
A) സംബന്ധിക വിഭക്തി
B) സമാസ വിഭക്തി
C) സംയോജിക വിഭക്തി
D) മിശ്ര വിഭക്തി

93. സന്ദർഭാനുസരണം വേണ്ടത് ആലോചിച്ച് പ്രവർത്തിക്കാൻ മനസ്സാന്നിധ്യവും പ്രാഗത്ഭ്യവും ഉള്ളവൻ – ഒറ്റപ്പദം ഏത് ?
A) പ്രത്യുൽപന്നമതി
B) പ്രത്യക്ഷവാദി
C) പ്രത്യർത്ഥി
D) പ്രത്യുൽഗമനീയ

94. ബാഹ്യമായി കരുത്തുറ്റതെന്ന പ്രതീതി ജനിപ്പിക്കുന്നതും എന്നാൽ നിരുപദ്രവകാരിയുമാണെന്ന് സൂചിപ്പിക്കുന്ന ശൈലി ഏത് ?
A) നാലും തുനിഞ്ഞു നടക്കുക
B) രണ്ടറ്റവേല
C) മാരീച വിദ്യ
D) കടലാസു പുലി

95. അവളുടെ പേന കളഞ്ഞുപോയി. ഈ വാക്യത്തിലെ 'പോയി' എന്ന പ്രയോഗത്തിന്റെ പ്രത്യേകത എന്ത് ?
A) കൃത്ത്
B) അനുപ്രയോഗം
C) പ്രാക്പ്രയോഗം
D) തദ്ധിതം

96. 'സഖാവ്' എന്നതിന്റെ സ്ത്രീലിംഗം ഏത് ?
A) സഖാവി
B) സാമന്ത
C) സഖി
D) സഹപാഠിനി

97. 'ഐഹികം' എന്ന പദത്തിന്റെ വിപരീത പദം ഏത് ?
A) പാരത്രികം
B) നാഗരികം
C) അജ്ഞാതം
D) ശിഥിലം

98. ശരിയായ പദം ഏത് ?
A) അഭ്യസ്ഥവിദ്യൻ
B) അഭ്യസ്തവിദ്യൻ
C) അഭ്യസ്ഥവിധ്യൻ
D) അഭ്യസ്തവിധ്യൻ

99. ശൗരി-ശൂരസേനന്റെ വംശത്തിൽ ജനിച്ചവൻ. സമാസം ഏത് ?
A) പ്രതിഗ്രാഹികാതൽപ്പുരുഷൻ
B) സംബന്ധികതൽപ്പുരുഷൻ
C) കർമ്മധാരയൻ
D) ബഹുവ്രീഹി

100. 'അക്രതു' എന്ന പദത്തിന്റെ അർത്ഥമെന്ത് ?
A) വളവില്ലാത്ത
B) ബുദ്ധിയില്ലാത്ത
C) ആകൃതിയില്ലാത്ത
D) ഭംഗിയില്ലാത്ത

## Space for Rough Work

**FINAL ANSWER KEY**
**Question Paper Code:167-2025 M**
**Question Paper Medium:Malayalam**
**Category Code:215/2025**
**Name Of Post & Department:Woman Fire & Rescue Officer (Trainee) 215/2025**
**Date Of Test:06-Dec-2025**

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 1 | C | B | B | C |
| 2 | B | B | A | A |
| 3 | A | A | B | A |
| 4 | B | A | C | D |
| 5 | A | C | D | C |
| 6 | C | B | B | D |
| 7 | A | A | C | C |
| 8 | A | B | B | D |
| 9 | D | C | A | C |
| 10 | C | D | D | B |
| 11 | A | A | B | B |
| 12 | C | D | B | A |
| 13 | D | C | A | B |
| 14 | B | B | A | C |
| 15 | B | A | C | D |
| 16 | B | B | D | A |
| 17 | A | C | C | D |
| 18 | B | B | D | C |
| 19 | C | A | C | B |
| 20 | D | D | B | A |
| 21 | C | B | C | B |
| 22 | B | C | A | C |
| 23 | B | B | A | B |
| 24 | C | D | D | A |
| 25 | X | A | C | D |
| 26 | D | A | C | B |
| 27 | C | C | B | C |
| 28 | D | D | A | B |
| 29 | C | B | B | D |
| 30 | B | B | A | A |
| 31 | B | D | B | A |
| 32 | B | C | C | C |
| 33 | A | D | B | D |
| 34 | A | C | D | B |
| 35 | C | B | A | B |
| 36 | B | C | C | B |
| 37 | C | A | B | B |
| 38 | B | A | B | A |
| 39 | D | D | C | A |
| 40 | A | C | X | C |
| 41 | B | C | A | C |
| 42 | C | B | D | B |
| 43 | B | B | C | A |
| 44 | A | C | B | B |
| 45 | D | X | A | A |
| 46 | A | C | A | C |
| 47 | D | B | C | B |
| 48 | C | A | D | B |
| 49 | B | B | B | C |
| 50 | A | A | B | X |

| | QUESTION BOOKLET ALPHA CODE | | | |
|---|---|---|---|---|
| Q No. | A | B | C | D |
| 51 | B | C | A | A |
| 52 | C | D | C | D |
| 53 | A | A | X | C |
| 54 | D | C | B | D |
| 55 | A | X | A | B |
| 56 | C | B | D | C |
| 57 | C | A | B | X |
| 58 | D | D | C | B |
| 59 | X | B | C | A |
| 60 | B | C | D | C |
| 61 | B | B | D | A |
| 62 | D | C | A | C |
| 63 | B | B | A | B |
| 64 | A | B | D | D |
| 65 | C | C | C | A |
| 66 | D | A | B | B |
| 67 | A | C | C | D |
| 68 | A | B | B | B |
| 69 | D | D | B | A |
| 70 | C | A | C | C |
| 71 | A | D | B | B |
| 72 | C | A | D | C |
| 73 | B | A | B | B |
| 74 | D | D | A | B |
| 75 | A | C | C | C |
| 76 | B | B | A | D |
| 77 | C | D | C | A |
| 78 | B | B | B | A |
| 79 | B | A | D | D |
| 80 | C | C | A | C |
| 81 | A | C | C | D |
| 82 | D | B | A | B |
| 83 | D | C | D | C |
| 84 | B | A | C | B |
| 85 | C | D | D | A |
| 86 | A | C | B | D |
| 87 | C | D | A | D |
| 88 | B | B | D | C |
| 89 | D | A | C | C |
| 90 | C | D | B | A |
| 91 | C | A | B | A |
| 92 | B | B | C | D |
| 93 | A | B | D | A |
| 94 | D | C | B | B |
| 95 | B | D | A | C |
| 96 | C | B | D | B |
| 97 | A | A | C | D |
| 98 | B | D | B | B |
| 99 | D | C | A | B |
| 100 | B | B | B | C |

'X' denotes deletion

Approved For Publication
Sd/-
Section officer